CAREERINDIA

# PART-IV
# LANGUAGE-I
# MALAYALAM

**ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ** 91-120) ഉത്തരമെഴുതുക.

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(91-99)** ശരിയുത്തരം തിരെഞ്ഞെടുത്ത് എഴുതുക.

സമർത്ഥരായ വില്ലാളികൾ എന്നു പേരുകേട്ട ആദിവാസിവിഭാഗമാണ് കുറിച്ച്യർ. കുറിച്ചി (മലമ്പ്രദേശം)യിൽ താമസിക്കുന്നവരായതുകൊണ്ടാവാം ഈ പേര് കിട്ടിയത്. മുൻകൂട്ടിക്കുറിച്ച് തീരുമാനിച്ച് നായാട്ടു നടത്തുന്നതുകൊണ്ടോ ലക്ഷ്യം കുറിച്ച് അതിൽ അമ്പുകൊള്ളിക്കുന്നതുകൊണ്ടോ ഇവർ കുറിച്യരായി എന്നും അഭിപ്രായമുണ്ട്. പഴശ്ശിയുടെ കാലം മുതൽ ചരിത്രരേഖകളിൽ ഇവർ പരാമർശിക്കപ്പെട്ടു തുടങ്ങുന്നു.

വയനാട് ജില്ലയിലും കണ്ണൂരിന്റെ കിഴക്കൻ വനമേഖലയായ കണ്ണവം പ്രദേശങ്ങളിലുമാണ് കുറിച്യർ അധിവസിക്കുന്നത്. വയനാടൻകുറിച്യർ കൂട്ടുകുടുംബരീതിയും കണ്ണവംകുറിച്യർ ഏക കുടുംബരീതിയും പിന്തുടരുന്നു.

ഒന്നിലധികം വീടുകൾ ചേർന്ന ഒരു കുറിച്യ ആവാസകേന്ദ്രം 'മിറ്റം' എന്ന പേരിലറിയപ്പെടുന്നു. 'പിട്ടനാ'ണ് മിറ്റത്തിന്റെ കാരണവർ. നായാട്ട്, കൃഷി തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കുന്നത് പിട്ടന്റെ നേതൃത്വത്തിലാണ്. വിവാഹം, ജനനം, മരണം, മറ്റടിയന്തിരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കും തിറ, ദൈവത്തെക്കാണൽ തുടങ്ങിയ മതപരമായ കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുന്നത് പിട്ടനാണ്.

മലബ്രാഹ്മണർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഇവർ എല്ലാ മതവിഭാഗക്കാരുമായും അയിത്തം പാലിക്കുന്നു. മലദൈവമായ മലക്കാരിയാണ് കുറിച്യരുടെ പ്രധാന ആരാധനാമൂർത്തി. വിവാഹത്തെക്കാൾ ആഘോഷമായാണ് തിരണ്ടുകല്യാണം ഇവർ നടത്തുന്നത്. വിവാഹം ലളിതമാണ്. പുരുഷന്മാർക്ക് ഒന്നിലധികം ഭാര്യമാരാകാമായിരുന്നു.

നായാട്ടിൽ വളരെ പ്രാവീണ്യമുള്ളവരാണ് കുറിച്യർ. ഒപ്പം കൃഷിയും ജീവനോപാധിയായി അവർ കൊണ്ടുനടന്നിരുന്നു. പാരമ്പര്യമായി പലതരം പച്ചമരുന്നുകൾ ഉപദേശിക്കുന്നവരും പ്രയോഗിക്കുന്നവരുമാണ് കുറിച്യർ. പാട്ടും കളിയുംകൊണ്ടു സമൃദ്ധമായ ഒരു സംസ്കാരപാരമ്പര്യവും ഇവർക്കുണ്ട്. കുറിച്യർ ആരാധിക്കുന്ന മലദൈവമാണ് മലക്കാരി. മേൽലോകത്തെ തിരുവാവുംകോട്ടയിലെ ഭഗവതിയുടെ കണ്ണിൽനിന്നും ജനിച്ചതാണ് മലക്കാരി ദേവത. ഭൂമിയിൽ ധാരാളം അസുരന്മാർ(കലികൾ) ജനിച്ചു. ആ ദുഷ്ടന്മാരിൽനിന്നും ഭൂമിയെ രക്ഷിക്കുവാനാണ് ദേവത ജനിച്ചതെന്ന് കുറിച്യർ വിശ്വസിക്കുന്നു. ഇവരുടെ അനുഷ്ഠാനഗാനമായ കുംഭപ്പാട്ടിൽ ഇതു വിവരിക്കുന്നു.

കണ്ണൂരിലെ നരിക്കോട്ടുമല, വാഴമല എന്നിവിടങ്ങളിൽ അധിവസിക്കുന്ന കുറിച്യരുടെ കൃഷിമും സവിശേഷതയുള്ളതാണ്.

**91.** ഈ ഗദ്യഭാഗം പ്രതിപാദിക്കുന്നത് ?

(1) കുടിപ്പക (2) ജനാധിപത്യം (3) ജനജീവിതം (4) വേട്ടയാടൽ

CAREERINDIA

**92.** 'മലക്കാരി' ആര് ?

(1) കുറിച്യരുടെ വർഗ്ഗശത്രു

(2) കുറിച്യരുടെ പൂർവിക

(3) കുറിച്യരുടെ ആഘോഷം

(4) കുറിച്യരുടെ പ്രധാന ആരാധനാമൂർത്തി

**93.** 'വിരളം' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഇവിടെയുള്ള വാക്ക് :

(1) പ്രധാനം (2) ധാരാളം (3) ഒപ്പം (4) ലളിതം

**94.** മലക്കാരി ജനിച്ചതെവിടെ ?

(1) കണ്ണവം ദേശത്ത്

(2) മലമ്പ്രദേശത്ത്

(3) തിരുവാവുംകോട്ടു ഭഗവതിയുടെ കണ്ണിൽ

(4) നരിക്കോട്ടുമലയിൽ

**95.** കൂട്ടുകുടുംബരീതി പിൻതുടരുന്നത് ?

(1) നരിക്കോട്ടുമല കുറിച്യർ (2) വയനാടൻ കുറിച്യർ

(3) കണ്ണവം കുറിച്യർ (4) വാഴമല കുറിച്യർ

**96.** 'മിറ്റം' എന്നാൽ എന്ത് ?

(1) കുറിച്യരുടെ തിരണ്ടുകല്യാണം

(2) കുറിച്യരുടെ വാസസ്ഥലം

(3) കുറിച്യരുടെ വിവാഹസമ്പ്രദായം

(4) കുറിച്യരുടെ ആരാധനാകേന്ദ്രം

**97.** ആരാണ് 'പിട്ടൻ' ?

(1) കുറിച്യകാരണവർ (2) പഴശ്ശിരാജ

(3) വില്ലാളി (4) മലദൈവം

**98.** കുറിച്യർ സ്വയം കരുതുന്നത് :

(1) നായാടികൾ (2) കാരണവർ

(3) മല ബ്രാഹ്മണർ (4) മലദേവത

**99.** വേട്ടയാടാൻ സാമർത്ഥ്യമുള്ള ആദിവാസിവിഭാഗം ?

(1) കാരണവർ (2) കൊറഗർ (3) കുറിച്യർ (4) കുറുമ്പർ

www.careerindia.com

CAREERINDIA

താഴെക്കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(100-105)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

കോയ്മക്കുടെ കോലങ്ങളെരിയുന്ന ജീവിത-
ച്ചുടലയ്ക്ക് കൂട്ടിരിക്കുമ്പോൾ
കോവിലുകളെല്ലാമൊതുങ്ങുന്ന കോവിലിൽ
കഴകത്തിനെത്തിനില്ക്കുമ്പോൾ
കോലായിലിക്കാലമൊരു മന്തുകാലുമായി
തീകായുവാനിരിക്കുന്നു, ചീർത്ത
കൂനൻകിനാക്കൾതൻ കുന്നിലേക്കീ മേഘ-
കാമങ്ങൾ കല്ലുരുട്ടുന്നു.
　　ഒട്ടി വലിയുന്ന ദിശയെട്ടുമുപശാന്തിയുടെ
മൊട്ടുകൾ തിരഞ്ഞു നടകൊൾകേ
ഓർമ്മയിലൊരൂടുവഴി വരരുചിപ്പഴമയുടെ
നേർവരയിലേക്കു തിരിയുന്നു.

**100.** എരിയുന്നതെന്ത് ?

(1) കാമങ്ങൾ　(2) അധീശത്വരൂപങ്ങൾ
(3) കോവിലുകൾ　(4) കിനാക്കൾ

**101.** 'ചുടലയ്ക്ക് ' എന്നത് ഏതു വിഭക്തി ?

(1) ആധാരിക　(2) പ്രതിഗ്രാഹിക　(3) ഉദ്ദേശിക　(4) സംബന്ധിക

**102.** കുന്നിലേക്ക് ഉരുട്ടുന്നതെന്ത് ?

(1) കല്ല്　(2) കാമം　(3) കിനാവ്　(4) മേഘം

**103.** വരരുചിപ്പഴമയിലേക്കു നയിക്കുന്നത് ?

(1) മന്തുകാൽ　(2) കല്ലുകൾ　(3) ദിശകൾ　(4) ഊടുവഴി

**104.** 'ജീവിതച്ചുടല' എന്ന പ്രയോഗത്തിലെ അലങ്കാരം ?

(1) ഉൽപ്രേക്ഷ　(2) അർത്ഥാന്തരന്യാസം
(3) രൂപകം　(4) ഉപമ

**105.** അന്തിമക്ഷേത്രമായി കവി സങ്കല്പിക്കുന്നത് ?

(1) കുന്ന്　(2) കോലായ　(3) ചുടല　(4) കോവിൽ

**106.** കമ്മിന്റെ പരസ്പരാശ്രിതത്വസങ്കല്പനപ്രകാരം ഇവയിൽ പരസ്പരാശ്രിതത്വമുള്ളവ ഏതെല്ലാം ?

(1) ഒന്നാമത്തെയും രണ്ടാമത്തെയും ഭാഷകളിലെ അടിസ്ഥാനവ്യക്ത്യാന്തരശേഷികൾ.
(2) രണ്ടാം ഭാഷയിലെ സംഗ്രഹണവും നിർമ്മാണവും
(3) ഒന്നാമത്തെയും രണ്ടാമത്തെയും ഭാഷകളിലെ ബൗദ്ധികമായ അക്കാദമികവൈദഗ്ദ്ധ്യം
(4) രണ്ടാം ഭാഷയിലെ വായനയും എഴുത്തും

www.careerindia.com

CAREERINDIA

**107.** താഴെക്കൊടുത്തിട്ടുള്ളവയിൽ ഭാഷകളെയും ഭാഷാഭേദങ്ങളെയും സംബന്ധിച്ചു ഭാഷാശാസ്ത്രപരമായി ശരിയായത് ഏത് ?

(1) ഭാഷക്കും ഭാഷാഭേദത്തിനുമിടയിൽ വ്യക്തമായി നിർവചിക്കപ്പെട്ട ഭാഷാശാസ്ത്രപരമായ വ്യത്യാസമില്ല.

(2) ഭാഷകൾക്ക് ലിഖിതസാഹിത്യമുണ്ട്, എന്നാൽ ഭാഷാഭേദങ്ങൾ വാമൊഴിപാരമ്പര്യത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്.

(3) ഭാഷകളും ഭാഷാഭേദങ്ങളും ഭാഷാശാസ്ത്രപരമായി വ്യത്യസ്തമാണ്, പക്ഷേ ഭാഷാശാസ്ത്ര -പരമായി സമാനമാണ്.

(4) ഭാഷകൾക്ക് തനതായ ലിപികളുണ്ട്, പക്ഷേ ഭാഷാഭേദങ്ങൾക്ക് തനതുലിപികളില്ല.

**108.** വീര ഏഴുമാസം പ്രായമുള്ള കുഞ്ഞാണ്. അവൾ ഇപ്പോൾ സ്വരങ്ങളും വ്യഞ്ജനങ്ങളും അടങ്ങുന്ന സ്വരഗുണം ഉണ്ടാക്കുന്നുണ്ട്. താഴെക്കൊടുത്തവയിൽ ഏത് ഉപയോഗിച്ചാണ് അവൾ ആശയവിനിമയം നടത്തുന്നത് ?

(1) ഭാഷാപരമായ ഭാഷണം (2) ധ്വനിവിജ്ഞാനീയം

(3) പുലമ്പൽ (4) കുറുകൽ

**109.** താഴെക്കൊടുത്തിട്ടുള്ളവയിൽ അക്ഷരങ്ങൾക്കും അക്ഷരമാലക്കും പകരം, വാക്കുകളും ലഘുകഥാപുസ്തകങ്ങളുമായി ബന്ധപ്പെട്ട് വായനശേഷി തുടങ്ങുന്നതിനെ നീതിമത്കരിക്കാത്തത് ഏതാണ് ?

(1) വാക്കുകളെക്കാൾ ഹൃദിസ്ഥമാക്കാൻ കൂടുതൽ പ്രയാസമുള്ളവയാണ് തനിയെ നില്ക്കുന്ന അക്ഷരങ്ങൾ.

(2) വായനയുടെ തുടക്കക്കാർക്ക് ചെറിയ ഏകകങ്ങളെക്കാൾ വലിയ ഏകകങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നതാണ്.

(3) വാക്കുകളും പാഠങ്ങളും അർത്ഥവത്തായ ബന്ധങ്ങൾ സൃഷ്ടിക്കുന്നു, അക്ഷരങ്ങൾ ഇവിടെ പരാജയപ്പെടുന്നു.

(4) വാക്കുകളും പാഠങ്ങളും കൂടുതൽ രസകരമാണ്, എന്നാൽ അക്ഷരങ്ങൾ അങ്ങനെയല്ല.

**110.** എന്താണ് സൃഷ്ടിപരപദാവലി ?

(1) വായനക്കാരന് പുതിയതായ വാക്കുകൾ

(2) നാം കേൾക്കുന്നതുപോലെ വാക്കുകൾ തിരിച്ചറിയുന്നത്

(3) വായനയ്ക്കിടയിൽ വരികൾക്കപ്പുറമുള്ള വാക്കുകൾ നമ്മുടെ ശ്രദ്ധയിൽ പെടുന്നത്

(4) നാം എഴുതാനും പറയാനും ഉപയോഗിക്കുന്ന വാക്കുകൾ

**111.** ഒരു ഭാഷണസമൂഹത്തിൽ, രണ്ടു വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക വിഭാഗങ്ങളിൽപെട്ട ഭാഷകർക്കിടയിൽ /എസ്/ എന്നത് വെവ്വേറെ ഉച്ചരിക്കപ്പെടുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇത് ________ ന്റെ ഉദാഹരണമാണ്.

(1) ഒരു സാമൂഹിക-മനശാസ്ത്രപരമായ ഘടകം

(2) ഒരു സാമൂഹികഭാഷാശാസ്ത്രഘടകം

(3) ഒരു കാര്യക്ഷമമായ ഘടകം

(4) ഒരു സാമൂഹികസാംസ്കാരികഘടകം



www.careerindia.com

CAREERINDIA

**112.** പാഠഗ്രഹണതന്ത്രങ്ങളോടു ബന്ധപ്പെട്ട് താഴെക്കാണുന്നവയിൽ നിന്നും ശരിയല്ലാത്ത പ്രസ്താവം അടയാളപ്പെടുത്തുക.

(1) ദ്രുതവായനയും സൂക്ഷ്മപരിശോധനയും പാഠത്തിലൂടെയുള്ള കണ്ണിന്റെ വേഗചലനത്തിന്റെ പങ്ക് ആവശ്യമുള്ളതാണ്.

(2) ദ്രുതവായന പാഠത്തിലൂടെ വേഗം കടന്നുപോവുക എന്നതാകുമ്പോൾ, നിശ്ചിതയാഥാർത്ഥ്യങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം ഉൾപ്പെടുന്നതാണ് സൂക്ഷ്മപരിശോധന.

(3) ദ്രുതവായന ആഴത്തിലുള്ള വായനയെക്കുറിച്ചുള്ളതാകുമ്പോൾ, സൂക്ഷ്മപരിശോധന അധികവും ഓടിച്ചുള്ള വായനയാണ്

(4) ദ്രുതവായന കൂടുതലും പുന:പരിശോധനക്കു യോജിച്ചതാകുമ്പോൾ, നിശ്ചിതചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നതിന് സഹായകമാകുന്നു സൂക്ഷ്മപരിശോധന.

**113.** മാതൃഭാഷാധിഷ്ഠിതബഹുഭാഷിത്വം വാദിക്കുന്നത് എന്തെന്നാൽ,

(1) എല്ലാ കുട്ടികളും അവരുടെ ഒന്നാം ഭാഷയായി ഹിന്ദി പഠിക്കുന്നു.

(2) എല്ലാ കുട്ടികളും അവരുടെ സ്കൂൾപഠനം ആരംഭിക്കുന്നത് തങ്ങളുടെ മാതൃഭാഷയിലോ ഗൃഹഭാഷയിലോ ആണ്

(3) എല്ലാ കുട്ടികളും അവരുടെ സ്കൂൾപഠനം ആരംഭിക്കുന്നത് ആ സംസ്ഥാനഭാഷയിലാണ്.

(4) എല്ലാ കുട്ടികളും അവരുടെ സ്കൂൾപഠനം ആരംഭിക്കുന്നത് ഇംഗ്ലീഷ്മാധ്യമത്തിലും ഗൃഹഭാഷയിലുമാണ്.

**114.** താഴെക്കൊടുത്തിട്ടുള്ളവയിൽ ഭാഷാസമാർജ്ജനോപകരണം (LAD) എന്ന സങ്കല്പനത്തെക്കുറിച്ചു വിശദമാക്കിയിട്ടില്ലാത്തത് ഏത് ?

(1) കുട്ടികൾക്ക് ലഭിക്കുന്ന വിവരങ്ങളെക്കാൾ അവരുടെ ഭാഷാപരമായ പരിപുഷ്ടി അധികമായിരിക്കുന്നത് എന്തുകൊണ്ട് ?

(2) കുട്ടികൾ എങ്ങനെ അവരുടെ ഒന്നാം ഭാഷ പഠിക്കുന്നു ?

(3) 4-5 വയസ്സ് എന്ന ചുരുങ്ങിയ പ്രായത്തിനുള്ളിൽ കുട്ടികൾക്ക് എങ്ങനെ ഭാഷ പഠിക്കാൻ പറ്റുന്നു ?

(4) കുട്ടികൾ എങ്ങനെ ഔപചാരികഭാഷ പഠിക്കുന്നു ?

**115.** താഴെക്കൊടുത്തവയിൽ രണ്ടാം ഭാഷാബോധനത്തിന്റെ വ്യാകരണവിവർത്തനസവിശേഷത അല്ലാത്തത് ഏത് ?

(1) ഭാഷയുടെ പ്രയോഗത്തിലുപരി അതിന്റെ ഘടനയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു.

(2) ഒന്നാമത്തെയും രണ്ടാമത്തെയും ഭാഷകളുടെ വ്യാകരണനിയമങ്ങൾ താരതമ്യപ്പെടുത്തുന്നു.

(3) രണ്ടാം ഭാഷയുടെ വ്യാകരണനിയമങ്ങൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു.

(4) രണ്ടാം ഭാഷയിൽ നേരിട്ടുതന്നെ ആശയവിനിമയം നടത്തുകയും അനന്തരം ഇരു ഭാഷകളുടെയും വ്യാകരണനിയമങ്ങൾ താരതമ്യം ചെയ്യുന്നു.

www.careerindia.com

CAREERINDIA

**116.** താഴെക്കൊടുത്തിട്ടുള്ള ഭാഷാപ്രയോഗങ്ങളിൽ കുട്ടികൾ ഭാഷ ഉപയോഗിക്കാൻ തുടങ്ങുമ്പോൾ അവരുടെ ചുറ്റിലുമുള്ള സംഭവങ്ങളെയും പ്രതിഭാസങ്ങളെയും പറ്റി മറ്റുള്ളവയെക്കാൾ കൂടുതൽ ചോദിക്കാൻ കാരണമെന്ത് ?

(1) ഹ്യൂറിസ്റ്റിക് (2) ഭാവനാത്മകം

(3) നിയന്ത്രണശേഷിയുള്ള (4) അറിവുതരുന്ന

**117.** താൻ വിദ്യാർത്ഥികൾക്ക് കൊടുത്ത ഒരു അനുഭവനിഷ്ഠമായ ചോദ്യത്തിന് അവർ ഉത്തരം എഴുതിയതിനെകുറിച്ച് ഓർക്കാനും ഉത്തരമെഴുതുന്ന സമയത്ത് അതിനെക്കുറിച്ച് എന്തൊക്കെ ചിന്തിച്ചുവെന്നും അദ്ധ്യാപകൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു. ഇത് എന്തിൻെറ ഉദാഹരണമാണ് **?**

(1) അധിസംജ്ഞാശാസ്ത്രം (2) അധിധൈഷണികത

(3) രൂപകം (4) അധിഭാഷിത്വം

**118.** താഴെക്കൊടുത്തിട്ടുള്ളവയിൽ ക്രാഷന്റെ അഭ്യൂഹനങ്ങൾക്കും വൈഗോട്സ്കിയുടെ ZPD ക്കും ഇടയിൽ സദൃശമായത് ഏത് ?

(1) അഫക്ടീവ്ഫിൽറ്റർ അഭ്യൂഹനം

(2) വിവരത്തെ സംബന്ധിച്ച അഭ്യൂഹനം

(3) അഭ്യൂഹനമേൽനോട്ടം

(4) സഹജക്രമാഭ്യൂഹനം

**119.** താഴെക്കൊടുത്തിട്ടുള്ള നൈപുണികളിൽ ധാരണയോടുകൂടിയ വായനയെ സംബന്ധിച്ച് ഒരു അടയാളമായി കണക്കാക്കാൻ പറ്റാത്തത് ഏത് ?

(1) അപ്പോൾ വായിച്ചതുവരെയുള്ള പാഠത്തെ മനസ്സിൽ സംഗ്രഹിക്കുന്നത്

(2) ഒറ്റയൊറ്റ അക്ഷരങ്ങളിൽ അക്ഷരമാലകളിൽ ശ്രദ്ധ ചെലുത്തുന്നത്

(3) ഉള്ളടക്കത്തിന്റെ ഭാവിയെ സങ്കല്പിക്കുന്നത്

(4) സംഭവങ്ങളുടെയോ ആശയങ്ങളുടെയോ പരമ്പരയെ സംഘടിപ്പിക്കുന്നതും വിലയിരുത്തുന്നതും

**120.** മനുഷ്യഭാഷയുടെ താഴെക്കൊടുത്തിട്ടുള്ള ഏത് സവിശേഷതകൾകൊണ്ടാണ് കാലത്തിനും സ്ഥലത്തിനും അടുത്തല്ലാത്ത വസ്തുക്കളെക്കുറിച്ച് പറയാൻ സാധിക്കുന്നത് ?

(1) വ്യതിരിക്തത (2) സ്ഥാനമാറ്റം

(3) സ്വേച്ഛാപരത (4) ഘടനാശ്രിതത്വം

www.careerindia.com

CAREERINDIA

# PART-V
# LANGUAGE-II
# MALAYALAM

**ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(121-128)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

'മിത്ത് '(myth)എന്നും 'ലെജണ്ട് '(legend)എന്നും ഇംഗ്ലീഷിൽ പറയുന്ന പദങ്ങൾക്ക് പൊതുവിൽ 'ഐതിഹ്യം' എന്നാണ് മലയാളത്തിൽ അടുത്തകാലം വരെയും പറഞ്ഞുവന്നിരുന്നത്. മിത്ത് പുരാവൃത്തവും ലെജണ്ട് ഐതിഹ്യവുമാണ്.

ഗ്രീക്ക് ഭാഷയിലെ 'മിത്തോസ്' (mythos) എന്ന പദത്തിൽ നിന്നാണ് 'മിത്ത്' എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. പുരാവൃത്തം, കെട്ടുകഥ, പുരാണകഥ, മതപരമായ കഥ എന്നൊക്കെയാണ് ഈ പദത്തിന് അർത്ഥം. ഒരു ജനതയുടെ പ്രാപഞ്ചികവും പ്രകൃത്യതീതവുമായ പരമ്പരാഗത വിശ്വാസങ്ങൾ, അവരുടെ ദൈവങ്ങൾ, വീരപുരുഷന്മാർ, സാംസ്കാരിക സവിശേഷതകൾ, മതവിശ്വാസങ്ങൾ തുടങ്ങിയവ വിശദീകരിച്ച്കൊണ്ട് പ്രാചീനകാലത്തൊരിക്കൽ യഥാർത്ഥത്തിൽ നടന്നതായി അവതരിപ്പിക്കപ്പെടുന്ന കഥ എന്ന് മരിയലിച്ച് പുരാവൃത്തത്തെ നിർവചിക്കുന്നു. പുരാവൃത്തത്തെ അബോധപ്രവർത്തനങ്ങളുടെ അവക്ഷിപ്തം എന്നും ബാഹ്യലോകത്തിലേക്കുള്ള മനസ്സിന്റെ തള്ളലുകൾ എന്നും ഫ്രോയിഡ് പറയുന്നുണ്ട്. പുരാവൃത്തങ്ങളെ വ്യത്യസ്തകോണുകളിൽ നിന്നും വീക്ഷിക്കുന്ന നിരവധി നിർവചനങ്ങൾ ഉണ്ടായിട്ടുണ്ട്. നിർവചനങ്ങളിൽ നിന്ന് ലഭിക്കുന്ന പുരാവൃത്തസ്വഭാവങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

പ്രാപഞ്ചികപ്രതിഭാസങ്ങൾ, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, ചരിത്രപുരുഷന്മാരും സംഭവങ്ങളും, സാമൂഹികവും മതപരവുമായ ആശയങ്ങൾ തുടങ്ങി എന്തെങ്കിലും കാര്യങ്ങൾ എല്ലാ പുരാവൃത്തങ്ങളും വിശദീകരിക്കുന്നുണ്ട്. ഒരു സംഗതി എങ്ങനെ നിലവിൽ വന്നു എന്ന് പുരാവൃത്തം വിശദമാക്കുന്നു. ഉദാഹരണത്തിന്, ഭൂമി എങ്ങനെ ഉണ്ടായി എന്നതിന് ഉത്തരം നൽകുന്നു. ഹിരണ്മയമായ മുട്ട വിരിഞ്ഞു ഭൂമി ഉണ്ടായി എന്ന പുരാവൃത്തം. പ്രോമിത്യൂസിന്റെയും ഹെർക്കുലീസിന്റെയും ഓർഫ്യൂസിന്റെയും കഥ അങ്ങനെ ഉണ്ടായതാണ്. ഭാരതീയമായ ദശാവതാരകഥയും മികച്ച ഉദാഹരണമാണ്. എന്തിന്റെയെങ്കിലും ഉത്പത്തിയെക്കുറിച്ച് പറയുന്ന പുരാവൃത്തം നമ്മെ ഒരത്ഭുതലോകത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. സുപ്രതിഷ്ഠിതമായ ഒരു പെരുമാറ്റസംഹിതയെ നമുക്കു പരിചയപ്പെടുത്തിത്തരുന്നു. കഴിഞ്ഞകാലത്തു സംഭവിച്ചവയാണ് അവ എന്നു നാം വിശ്വസിക്കുന്നു. അജ്ഞതയ്ക്കും അവിശ്വാസത്തിനും സംശയത്തിനും എതിരെ അവ ഉദ്ധരിക്കപ്പെടുന്നു. പുരാവൃത്തങ്ങൾ അജ്ഞാതമായവയെ ജ്ഞാതമായവയുമായി ബന്ധിപ്പിക്കുന്നു എന്ന് സെറിൽ എം. ബൗറ പറയുന്നു.

പുരാവൃത്തകഥാപാത്രങ്ങൾ മനുഷ്യരല്ല. അവ മനുഷ്യരുടെ സൃഷ്ടികളാണ്.

**121.** അജ്ഞതയ്ക്കും അവിശ്വാസത്തിനും എന്നതിലെ 'ഉം' എന്താണ് ?

(1) ഘടകം (2) വിഭക്തിപ്രത്യയം

(3) സമുച്ചയം (4) ഗതി

www.careerindia.com

CAREERINDIA

122. പുരാവൃത്തത്തെ 'അബോധമനസ്സിന്റെ ബാഹ്യാവിഷ്ക്കാരം' എന്നു നിർവചിച്ചത് ?

(1) ഹെർക്കുലീസ് (2) ഫ്രോയിഡ്

(3) സെറിൽ (4) മരിയലിച്ച്

123. നാം ഐതിഹ്യത്തിൽ പെടുത്തിയിരുന്നത് ?

(1) കെട്ടുകഥയും പുരാണകഥയും

(2) കെട്ടുകഥയും ലെജൻഡും

(3) കെട്ടുകഥയും മിത്തും

(4) മിത്തും ലെജൻഡും

124. 'പുരാവൃത്തത്തെ' എന്നത് ഏത് വിഭക്തി ?

(1) പ്രതിഗ്രാഹിക (2) നിർദ്ദേശിക

(3) ആധാരിക (4) സംബന്ധിക

125. 'മിത്ത്' എന്ന പദം __________ ഭാഷയിലുള്ളതാണ്.

(1) ലാറ്റിൻ (2) ഇംഗ്ലീഷ് (3) ഗ്രീക് (4) മലയാളം

126. പുരാവൃത്തകഥാപാത്രങ്ങൾ __________.

(1) ഈശ്വരന്മാരല്ല (2) മനുഷ്യരാണ്

(3) ഈശ്വരന്മാരാണ് (4) മനുഷ്യരല്ല

127. 'പണ്ടുണ്ടായ കഥ' എന്ന് പുരാവൃത്തത്തെ നിർവചിച്ചത് ?

(1) ഓർഫ്യൂസ് (2) സെറിൽ എം. ബൗറ

(3) മരിയ ലിച്ച് (4) പ്രോമിത്യൂസ്

128. 'നിരവധി' എന്ന വാക്കിന്റെ വിപരീതം ?

(1) സംഹിത (2) കഴിഞ്ഞത് (3) അവധി (4) പ്രകൃതി

www.careerindia.com

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(129-135)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

പ്രാചീന ഹിന്ദികവിയായ കബീറിന്റെ ജനനത്തെപ്പറ്റിയുമുണ്ട് കഥ. രാമാനന്ദമഹർഷി ബ്രാഹ്മണജാതിയിൽപ്പെട്ട ഒരു ശിഷ്യന്റെ പുത്രിക്ക്, അവൾ വിധവയാണെന്ന കാര്യം ഓർമിക്കാതെ സന്താനഭാഗ്യം ആശംസിച്ചു എന്നും അതിന്റെ ഫലമായി കബീർ ജനിച്ചു എന്നുമാണ് ഐതിഹ്യം. ലോകാപവാദം ഭയന്ന് അമ്മ ഉപേക്ഷിച്ചു കളഞ്ഞ ശിശുവിനെ നീരു എന്ന മുസൽമാൻ നെയ്ത്തുകാരൻ എടുത്തുവളർത്തി എന്നു കഥ തുടരുന്നു. കബീറിന്റെ കവിതകളിൽ ഹിന്ദു-മുസ്ലീം സംസ്കാരങ്ങൾ സമ്യക്കായി സമന്വയിച്ചിരിക്കുന്നതിന്റെ സൂചന ഈ കഥയിലുണ്ട്.

നാമദേവ് എന്ന കവി അയോനീസംഭവനായിരുന്നു. എന്ന് സന്തന്മാരുടെ ജീവിതകഥകൾ എഴുതിയ മഹീപതി തന്റെ *ഭക്തിവിജയം* എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. ദാമാദി-ഗോണായി ദമ്പതികൾക്ക്, ഗംഗാനദിയിലൂടെ ഒഴുകിവന്ന ഒരു മുത്തുച്ചിപ്പിയിൽനിന്ന് ശിശുവായ നാമദേവിനെ കിട്ടിയത്രേ. നാമദേവിന്റെ ജാതിയുടെ പേര് ശിമ്പി എന്നായതിനാൽ അനന്തരകാലത്തെ ഭാവനാശാലികൾ മെനഞ്ഞ്, തലമുറകൾ പകർന്നുവന്ന കഥയായിരിക്കാം ഇത്.

ഈശ്വരന്റെ വരപ്രസാദവും നമ്പൂതിരിമാരുടെ ശൂദ്രസംബന്ധവും പ്രാചീന കേരളകവികളുടെയും ജനനത്തിന് ദിവ്യപരിവേഷം ചാർത്തുന്നുണ്ട്.

കണ്ണശ്ശപ്പണിക്കരുടെ പൂർവകുടുംബം തിരുവനന്തപുരത്തിനു സമീപം മലയിൻകീഴ് എന്ന സ്ഥലത്തായിരുന്നു എന്നും, ആ ദിക്കിൽ തിരുവല്ല ഗ്രാമത്തിൽപ്പെട്ട ജന്മികളായ ചില പോറ്റിമാർക്ക് വസ്തുക്കളും മറ്റും ഉള്ളതിനാൽ അവർ പാട്ടമിച്ചവാരം പിരിക്കാൻ അവിടെ പോയിതാമസിക്കുക പതിവായിരുന്നു എന്നും ആ ശേഖരത്തിൽ ഒരു പോറ്റി തന്റെ പാട്ടകാരനായ ശൂദ്രന്റെ വീട്ടിൽ ഒരു സ്ത്രീയെ സംബന്ധം ചെയ്തു കൊണ്ടുവന്ന്, നിരണത്ത് പറമ്പും പുരയും കൊടുത്ത് താമസിപ്പിച്ചിരുന്നു എന്നും, ആ സ്ത്രീയിൽ പോറ്റിയുടെ പുത്രനായി ജനിച്ച മകനാണ് സാക്ഷാൽ കണ്ണശ്ശപ്പണിക്കർ എന്നുമാണ് കഥ.

എഴുത്തച്ഛന്റെ ജനനത്തെ സംബന്ധിച്ചുള്ള പ്രസിദ്ധമായ കഥ ഇങ്ങനെ സംഗ്രഹിക്കാം. വടക്കേ മലയാളത്തുകാരനും അസാമാന്യവ്യുത്പന്നനും ജ്യോതിഷിയുമായ ഒരു ബ്രാഹ്മണൻ തിരുവനന്തപുരത്തു വന്ന് മുറജപത്തിൽ പങ്കെടുത്തിട്ട് മടങ്ങിപ്പോകുംവഴി വെട്ടത്തുനാട്ടിൽ ഒരു ശൂദ്രസ്ത്രീയുടെ വീട്ടിൽ ഒരു രാത്രി തങ്ങുകയുണ്ടായി. അവിടെ ഒരു വൃദ്ധയും പുത്രിയും മാത്രമേ ഉണ്ടായിരുന്നുള്ളു. രാത്രിയിൽ നമ്പൂതിരി സ്വസ്ഥനല്ലാത്ത വിധത്തിൽ വെളിയിലിറങ്ങി നക്ഷത്രങ്ങളെ നോക്കുകയും തിരികെ കയറി കിടക്കുകയും പലതവണ ചെയ്യുന്നതുകണ്ട പുത്രി തനിച്ചിറങ്ങി ബ്രാഹ്മണന്റെ സമീപം ചെന്ന് അസ്വസ്ഥതയുടെ കാരണം ചോദിച്ചപ്പോൾ അത്യുത്തമനായ ഒരു പുത്രന്റെ ഉത്പത്തിപ്രദമായിരിക്കുന്ന സുമുഹൂർത്തം അചിരേണ വ്യർത്ഥമായി കഴിയാൻ പോകുന്നു എന്നു വിചാരിച്ച് ഖേദിക്കുന്നു എന്നു പറഞ്ഞുവെന്നും, അതുകേട്ട് ആ സ്ത്രീ പുത്രസന്താനലാഭം തനിക്കായിട്ട് അർത്ഥിച്ചുവെന്നും, ദയാലുവായ ആ ബ്രാഹ്മണൻ അവൾക്ക് പുത്രദാനം ചെയ്തു എന്നും അങ്ങനെയാണ് എഴുത്തച്ഛൻ ജനിച്ചതെന്നും ആണ് കഥ.

ഈ ഐതിഹ്യത്തിന് ചില പാഠഭേദങ്ങളുണ്ട്. ഒരു കഥയിൽ നമ്പൂതിരിയുടെ സ്ഥാനത്ത് ഒരു പട്ടരെ പ്രവേശിപ്പിച്ചിരുന്നു. മറ്റൊരു കഥയിൽ നമ്പൂതിരി രാത്രി തങ്ങിയത് തൃക്കണ്ടിയൂർ ക്ഷേത്രത്തിനടുത്തുള്ള ഒരു മൂസ്സിന്റെ ഗൃഹത്തിലായിരുന്നു. അവിടെ ദാസിയായി താമസിച്ചിരുന്ന ഒരു ചക്കാല യുവതിക്കാണ് നമ്പൂതിരി ദിവ്യഗർഭം ദാനം ചെയ്തത്. ഇനി ഒരു കഥയിൽ മൂസ്സിന്റെ ഗൃഹത്തിലെ ദാസിയായ നായർ യുവതിയിലാണ് നമ്പൂതിരിക്ക് എഴുത്തച്ഛൻ പിറന്നത്.



www.careerindia.com

**137.** അടിസ്ഥാനവ്യക്ത്യന്തര ആശയവിനിമയനൈപുണികൾ അറിയപ്പെടുന്നത്:

(1) അന്തർഭാഷ

(2) ഉന്നതഭാഷാക്രമനൈപുണികൾ

(3) സംഗ്രഹിക്കലിന്റെ ഭാഷ

(4) ദൈനംദിന ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ

**138.** താഴെക്കൊടുത്തവ ഉൾക്കൊള്ളുന്ന ക്ലാസ്മുറി സൃഷ്ടിക്കുന്നതിന് സഹായകമല്ലാത്തത് ഏത് ?

(1) ചില കുട്ടികൾ നേതൃസ്ഥാനീയരായി ക്ലാസിലുണ്ടാവുക.

(2) സമപ്രായക്കാരുടെ ഇടപെടലും പരിപുഷ്ടിവ്യവസ്ഥയും

(3) സംഘനിയോഗങ്ങൾ നല്കൽ

(4) ഒരു ബഹുഭാഷാസമീപനസ്വാംശീകരണം

**139.** താഴെക്കൊടുത്തിട്ടുള്ളവയിൽ സ്റ്റീഫൻ ക്രാഷൻ സമ്മാനിച്ച മേൽനോട്ട അഭ്യൂഹനത്തെ സംബന്ധിച്ച് ശരി അല്ലാത്തത് ഏത് ?

(1) പഠിതാവിന് വേണ്ടത്ര സമയമോ വേണ്ടത്ര നിയമപരിജ്ഞാനമോ ഉണ്ടെങ്കിൽ മാത്രം അവൾക്കോ അവന്നോ മേൽനോട്ടം നടത്താൻ കഴിയുന്നത്.

(2) ഇത് രണ്ടാം ഭാഷയുടെ സമാർജ്ജനസന്ദർഭത്തിൽ ഉപയോഗിക്കുന്നതാണ്

(3) ഇത് ആർജ്ജനത്തിനും പഠനത്തിനുമിടയിലെ ബന്ധത്തെ അടിസ്ഥാനമാക്കിയതാണ്.

(4) എന്തു പഠിച്ചു എന്നതിന്റെ മേൽനോട്ടത്തിനു സഹായകമായ 'ആർജ്ജിച്ചത്' എന്നാൽ എന്ത് ?

**140.** ഹിന്ദി സംസാരിക്കുന്ന കുട്ടികൾക്ക് അധ്യാപിക രണ്ടാംഭാഷയായി ഇംഗ്ലീഷ് പഠിപ്പിക്കുന്നു, ഇംഗ്ലീഷ് ഭാഷയുടെ പൂർണമായ നിയമങ്ങൾ പറയാതെ അതിൽ ചെറിയ സംഭാഷണങ്ങൾ നടത്താനുള്ള സന്ദർഭങ്ങളും അവസരങ്ങളും കുട്ടികൾക്ക് നല്കുന്നു. അവരുടെ സംഭാഷണങ്ങളിൽ അവർ ഉപയോഗിക്കുന്നവയെത്തന്നെ ഉദാഹരണങ്ങളാക്കി കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്നു. ക്രമേണ അധ്യാപികയുടെ സഹായത്തോടെ അവർ സ്വന്തം നിലയിൽത്തന്നെ വ്യാകരണം വശത്താക്കുന്നു. അധ്യാപിക പിന്തുടരുന്ന മാതൃക/സമീപനം ഏതാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത് ?

(1) ഋജുരീതി

(2) വ്യാകരണവിവർത്തന രീതി

(3) ശ്രവണഭാഷാരീതി

(4) ആശയവിനിമയസമീപനം

CAREERINDIA

**141.** താഴെക്കൊടുത്തവയിൽ പാഠ ഗ്രഹണത്തിനും പദസമ്പത്തിന്റെ വിപുലനത്തിനും സഹായിക്കാത്തത് ഏത് ?

(1) ചിത്രനിഘണ്ടുക്കൾ (2) പദഭൂപടം

(3) അക്ഷരമാലപ്പട്ടിക (4) ഇതിവൃത്തഭൂപടം

**142.** ബഹുഭാഷിത്വവും ബഹുസാംസ്കാരികത്വവും പ്രചരിപ്പിക്കുന്നതിന് ഏറ്റവും പ്രസക്തമായ കഥാജനുസ്സുകൾ ഏവ ?

(1) നീണ്ടകഥ (2) നാടോടിക്കഥകൾ

(3) ആത്മകഥകൾ (4) ശാസ്ത്രകഥകൾ

**143.** താഴെക്കൊടുത്തിട്ടുള്ളവയിൽ ആശയവിനിമയസമീപനത്തെ സംബന്ധിച്ച് ശരിയല്ലാത്ത സവിശേഷത ഏത് ?

(1) ആശയവിനിമയകാര്യക്ഷമത വികസിപ്പിക്കുന്നു

(2) ഉപയോഗത്തെക്കാൾ രൂപത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നു

(3) ഭാഷയുടെ സന്ദർഭനിഷ്ഠമായ ഉപയോഗം

(4) അധ്യാപനപൂർണതയെക്കാൾ വ്യാകരണനിയമങ്ങൾ കണ്ടുപിടിക്കുന്നു

**144.** വായിച്ചു തുടങ്ങുന്നൊരാൾ നിശ്ചിതമായ പാഠത്തിന്റെ ഉള്ളടക്കം മനസ്സിലാക്കുന്നതിന് അയാളുടെ പാഠേതിവൃത്തത്തെക്കുറിച്ചുള്ള പൊതുവിജ്ഞാനം, സാംസ്കാരികഘടകങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനെ പറയുന്നത് :

(1) മധ്യനിമ്നസമീപനം (2) മേൽകീഴ്സമീപനം

(3) മേൽക്കുമേൽസമീപനം (4) മധ്യോപരിസമീപനം

**145.** രണ്ടു പ്രധാനവിലയിരുത്തലുകളെ സംബന്ധിച്ച് താഴെക്കൊടുത്തിട്ടുള്ളവയിൽ ശരിയായ പ്രസ്താവന ഏത് ?

(1) പഠനഘട്ടത്തിലും അതിനു മുന്നോടിയായും നടത്തുന്നതാണ് അത്യന്തികമൂല്യനിർണ്ണയം.

(2) സംരചനാമൂല്യനിർണ്ണയം ഭാഷയുടെ ഉപയോഗത്തെക്കാൾ അതിന്റെ രൂപത്തിൽ ശ്രദ്ധ ചെലുത്തുന്നു.

(3) വർഷം മുഴുവനുള്ള വിലയിരുത്തലുകളുടെയെല്ലാം ആകെത്തുകയെ സംബന്ധിക്കുന്നതാണ് അത്യന്തികമൂല്യനിർണ്ണയം.

(4) പഠനഘട്ടത്തിലൂടെ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണ് സംരചനാമൂല്യനിർണ്ണയം.

www.careerindia.com

CAREERINDIA

**146.** പഠനവിടവുകളിലേക്കു കണ്ണുപതിക്കുക എന്നതിൽ തെറ്റുവിശകലനം സുപ്രധാനമാകുന്നതിന്റെ കാരണം :

(1) തെറ്റുകൾ സങ്കല്പവികസനത്തെയും പ്രചോദനത്തെയും കാട്ടിത്തരുന്നു.

(2) മിക്ക തെറ്റുകളും ഉണ്ടാവാൻ കാരണം പഠിതാക്കളുടെ നിർദ്ദയസമീപനമാണ്

(3) പഠിതാക്കളുടെ മനസ്സുകളിലേക്കും അവരുടെ പഠനഘട്ടത്തിലേക്കും തുറക്കുന്ന ജാലകങ്ങളാണ് തെറ്റുകൾ

(4) പഠിതാക്കളുടെ ധാരണയിലുള്ള കുറവിനെ ചൂണ്ടിക്കാട്ടുന്നവയാണ് തെറ്റുകൾ

**147.** താഴെക്കൊടുത്തിട്ടുള്ളവയിൽ മൂല്യനിർണ്ണയത്തെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത് ?

(1) ഇത് അധ്യാപികയെക്കൊണ്ട് മാത്രമേ ചെയ്യാൻ പറ്റുകയുള്ളു.

(2) ഇത് വിദ്യാർത്ഥിയുടെ പുരോഗതിയുടെ ഒരു മുഴുനോട്ടം സമ്മാനിക്കുന്നു.

(3) ഇത് വിദ്യാർത്ഥിയുടെ പ്രകടനത്തിന്റെ മൂർത്തമായ തെളിവ് അവതരിപ്പിക്കുന്നു.

(4) ഇത് വിദ്യാർത്ഥിയുടെ പുരോഗതിയുടെ അടിവയ്പുകൾ വിലയിരുത്താൻ സഹായിക്കുന്നു.

**148.** താഴെക്കൊടുത്തിട്ടുള്ളവയിൽ പഠനത്തിന്റെ പ്രമുഖമേഖലയായി കണക്കാക്കപ്പെടാത്തത് ഏത് ?

(1) ബോധചലനപരം (2) ധൈഷണികം

(3) സാമൂഹിക-സാംസ്കാരികം (4) വികാരപരം

**149.** താഴെക്കൊടുത്തിട്ടുള്ളവയിൽ സംരചനാമൂല്യനിർണ്ണയത്തിന്റെ ഉദാഹരണം അല്ലാത്തത് ഏത് ?

(1) കാലാവധി മുഴുവൻ നീളുന്ന ലഘുപരിശോധനകൾ മുതൽ സമപ്രായപുന:പരിശോധന വരെയുള്ള മൂല്യനിർണ്ണയതന്ത്രങ്ങൾ.

(2) ഒരു നിശ്ചിതകാലയളവു മുഴുവനുമുള്ള വാമൊഴി എഴുത്തുനിയോഗങ്ങൾ, കഥാപാത്രാവതരണങ്ങൾ മുതലായവയുടെ പരമ്പര.

(3) കാലാവധി അവസാനിക്കുമ്പോഴുള്ള ഒരു ടേം പരീക്ഷ.

(4) സമഗ്രമായ എഴുത്തുപരീക്ഷയുടെയും സമയപരിധിക്കുള്ളിൽ ഇടയ്ക്കിടെ നടത്തുന്ന നിയോഗങ്ങളുടെയും സംയോഗം.

**150.** __________ നോടു ബന്ധപ്പെട്ട് p യെ b എന്നും 6 നെ 9 എന്നും എഴുതുന്നത് കുട്ടികൾക്കിടയിലെ ഒരു പൊതുപിശകാണ് ?

(1) ഡിസ്‌ലെക്സിയ (2) ഷട്ടറിങ് (3) അഫാസിയ (4) അനോമിയ

- o O o -



www.careerindia.com

